ങ്ങൾക്ക് ഒരു സ്കയർ മീറ്ററിന് 5000 രൂപ എന്ന തോതിൽ കണക്കാക്കി അതി നർഹമായ സബ്സിഡിയും നൽകി വരുന്നു.

25 (*474) വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

ശ്രീ. കെ. പി.എ മജീദ് :

ശ്രീ. പി.കെ. അബ്ദു റബ്ബ് :

ശ്രീ. എ.വി. അബ്ദു റഹിമാൻ ഹാജി :

ശ്രീ. എം.കെ മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997 ജനുവരി ഒന്നു മുതൽ 1998 ആഗസ്റ്റ് 14 വരെ സർവ്വീസിലു ണ്ടായിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവി റക്കിയിട്ടുണ്ടോ; ഇതിനുള്ള മാനദണ്ഡം വിശദീകരിക്കുമോ;

(ബി) ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ;

(സി) ഈ ഉത്തരവിനെതിരെയുള്ള സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനു വേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എന്തെല്ലാം നടപടികൾ കൈക്കൊ ണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ ഉത്തരവ് പ്രകാരം മേൽ കാലയളവിൽ ഒന്നിലധികം സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുള്ളവർക്ക് അവസാനം ജോലി ചെയ്ത സ്ഥാപനത്തിൽ തന്നെ സ്ഥിരനിയമനം നൽകണം എന്ന് വ്യവസ്ഥ ചെയ്തി ട്ടുണ്ടോ;

(ഇ) മേൽ കാലയളവിൽ സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ജോലി ലഭിച്ചവർക്ക് ആ ജോലി തന്നെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ഇതിനായി ഉത്തരവിൽ വേണ്ട ഭേദഗതി വരുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ) ഉണ്ട്. ഈ കാലയളവിൽ താല്ക്കാലിക നിയമനം ലഭിച്ച വിക ലാംഗ ജീവനക്കാരെ റഗുലറൈസ് ചെയ്യുന്നതിനുള്ള മാനദണ്ഡം ഇപ്രകാരമാ ണ്.

(1) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കെ.എസ്.ആന്റ് എസ്. എസ്. റൂൾസിലെ റൂൾ 9 (എ) (1) പ്രകാരം നിയമിതരായവരായിരിക്കണം.

(2) ഇപ്രകാരം നിയമിതരായവർ 1-1-97 നും 14-8-98 നും ഇടയി ലുള്ള കാലയളവിൽ ഏതെങ്കിലും ഒരു ദിവസമെങ്കിലും സർവ്വീസിൽ ഉണ്ടായി രുന്നിരിക്കണം.

(3) റഗുലർ നിയമനം നൽകേണ്ടത് അതേ വകുപ്പിലും അതേ തസ്തികയിലുമായിരിക്കണം.

(4) പ്രസ്തുത കാലഘട്ടത്തിൽ ഒന്നിൽ കൂടുതൽ വകുപ്പുക ളിൽ/സ്ഥാപങ്ങളിൽ ജോലി നോക്കിയിട്ടുണ്ടെങ്കിൽ അവസാനം ജോലി നോക്കിയ വകുപ്പിൽ/സ്ഥാപനത്തിലായിരിക്കണം റഗുലർ നിയമനം നൽകേണ്ടത്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങളും നിർദ്ദേശവും അഡ്വക്കേറ്റ് ജനറലിന് നൽകിയിട്ടുണ്ട്. ഈ കേസിൽ 14-3-2000-ൽ എതിർ സത്യവാങ്മൂലവും (കൗണ്ടർ അഫീഡവിറ്റ്) ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ)&(എഫ്) ഉത്തരവിലെ നിബന്ധനകൾ പ്രകാരം താല്ക്കാലിക ജോലി ചെയ്തിരിക്കുന്ന അതേ തസ്തികകളിൽ തന്നെയാണ് നിയമനം നൽകുന്നത്.

26 (*475) അപകടത്തിൽപ്പെട്ട് ആശുപത്രിയിലെത്തുന്നവർക്ക് അടിയന്തിര ശുശ്രൂഷ നൽകാൻ നടപടി

ഡോ. കെ.സി ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികൃതരുടെ അനാസ്ഥയെത്തുർടന്ന് ചികിത്സ വൈകുന്നതു മൂലം അപകടങ്ങളിൽപ്പെട്ട് ആശുപത്രികളിലെത്തുന്നവർ മരണപ്പെടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാനുദ്ദേശിക്കുന്നു;

(സി) ഇത്തരം സംഭവങ്ങളെ സംബന്ധിച്ച് അന്വേഷണം പരാജയപ്പെടുത്തുവാനുള്ള സംഘടിതശ്രമം ഉണ്ടാകുന്നതായി അറിവുണ്ടോ;

(ഡി) എങ്കിൽ നിഷ്പക്ഷമായ അന്വേഷണം നടത്തുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ;

(ഇ) രോഗികളുടെ പ്രശ്നങ്ങൾ ലാഘവബുദ്ധിയോടെ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്കെതിരെ നടപടിയെടുക്കുവാൻ കർശന നിർദ്ദേശം നൽകുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി കബീർ) :

(എ) അപകടങ്ങളിൽപ്പെട്ട് ചികിത്സയ്ക്ക് മെഡിക്കൽ കോളേജിൽ എത്തുന്നവർ മിക്കപ്പോഴും ഗുരുതരാവസ്ഥയിലായതിനാൽ മരണ സാദ്ധ്യത കൂടുതലാണ്. അധികൃതരുടെ അനാസ്ഥയെത്തുടർന്ന് ചികിത്സ വൈകുന്നത് മൂലമല്ല ഭൂരിപക്ഷം കേസ്സുകളിലും മരണം സംഭവിക്കുന്നത്.

(ബി) അപകടങ്ങളിൽപ്പെട്ട് വരുന്നവർക്ക് അടിയന്തിരചികിത്സ നൽകുന്നതിനും അതിനാവശ്യമായ സൗകര്യങ്ങൾ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ - താലൂക്ക്തല ആശുപത്രികളിലും ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ ഇതിനകംതന്നെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് കോഴിക്കോട്, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമാ കെയർ സെന്ററുകൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗത്തിൽ ട്രോമാകെയർ സൗകര്യം ലഭ്യമാണ്. കൂടാതെ ഹെൽത്ത് സർവ്വീസിലെ വിവിധ ആശുപത്രികളിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സൗകര്യങ്ങൾ ഏൽപ്പെടുത്തിവരുന്നു. ഡോക്ടർമാർക്ക് ട്രോമാ കെയറിൽ വിദഗ്ദപരിശീലനം നൽകിയിട്ടു

LIBRARY ARCHIVES Kerala Legislative Assembly